"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പട്ടം-മെഡിക്കൽ കോളേജ് -ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനവുമായി ബന്ധപ്പെട്ട് ശ്രീ.എസ്.രാജേന്ദ്രൻ, ശ്രീമതി.ജി.ദീപം എന്നിവർ ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസ് C.No.2034/2020(S) ലെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കുന്നതിനായി, തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയ്ക്ക് ഭരണാനുമതി നൽകിയും ടി. തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.364/2021/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം, 10/02/2021

---

പരാമർശം:- 1) 28.03.2018 ലെ സ.ഉ(സാധാ) നം.879/2018/തസ്വഭവ

2) 18.03.2019 ലെ സ.ഉ(അച്ചടി) നം.32/2019/തസ്വഭവ

3) 1ട്രിഡ സെക്രട്ടറിയുടെ 04.09.2019 ലെ എസ്റ്റ്1/1712/2003/ട്രിഡ, 01/01/2021 ലെ എ4/591/2020/ട്രിഡ നമ്പർ കത്തുകൾ.

4) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 29/06/2019 ലെ കെ.16.40268/14 നമ്പർ നടപടിക്രമം.

5) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 23/12/2020 ലെ കെ. 16.40268/14 നമ്പർ കത്ത്.

6) ശ്രീ. എസ്. രാജേന്ദ്രൻ, ശ്രീമതി. എസ്. ദീപം എന്നിവർ ഫയൽ ചെയ്ത കോടതിയലക്ഷ്യ കേസ് C.No.2034/2020(S) ലെ ബഹു. ഹൈക്കോടതി യുടെ 18/12/2020 തീയ്യതിയിലെ ഉത്തരവ്.

**ഉത്തരവ്**

തലസ്ഥാന റോഡു വികസന പദ്ധതിയുമായി (CRDP) ബന്ധപ്പെട്ട വിവിധ റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്കായി സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട LAR കേസുകളിൽ അവാർഡ് തുക ലഭിക്കുന്നതിലേക്കായി പൊന്നുംവില നിയമം 28 എ പ്രകാരം വിവിധ കക്ഷികൾ സമർപ്പിച്ച അപേക്ഷകളിൽ അവാർഡ് പാസ്സാക്കിയ തുകയായ 2,16,81,875/- രൂപ അനുവദിക്കണമെന്ന് ട്രിഡ സെക്രട്ടറി പരാമർശം (3) പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. അവാർഡ് തുക ലഭിക്കാത്തതിൽ പ്രസ്തുത LAR കേസിലെ കക്ഷികളായ ശ്രീ.എസ്.രാജേന്ദ്രൻ, ശ്രീമതി.എസ്.ദീപം എന്നിവർ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത C.No.2034/2020(S) കോടതിയലക്ഷ്യ കേസിലെ പരാമർശം (6) ലെ ഉത്തരവിൻ പ്രകാരം ടി കക്ഷികൾക്ക് സെക്ഷൻ 28 എ പ്രകാരം അനുവദിച്ച തുക അനുവദിക്കണമെന്ന് പരാമർശം (5) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടറും പരാമർശം (3) പ്രകാരം ട്രിഡ സെക്രട്ടറിയും സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സെക്ഷൻ 28 എ പ്രകാരം ശ്രീ.എസ്.രാജേന്ദ്രൻ & ശ്രീമതി.ജി.ദീപം എന്നിവർക്ക് അവാർഡ് അനുവദിച്ച കോടതി വിധിയിന്മേൽ അപ്പീലിന് സാധ്യതയില്ലെന്നുള്ളതും, അനുവദിക്കുന്ന തുകയുടെ കൃത്യത സംബന്ധിച്ചും തിരുവനന്തപുരം ജില്ലാ കളക്ടർ ഉറപ്പ് വരുത്തണമെന്ന നിബന്ധനകളോടെ പട്ടം-മെഡിക്കൽ കോളേജ് - ഉള്ളൂർ-കൊച്ചുള്ളൂർ റോഡ് വികസനവുമായി ബന്ധപ്പെട്ട LAR കേസിൽ കോടതി വിധി പ്രകാരം ശ്രീ.എസ്.രാജേന്ദ്രൻ & ശ്രീമതി.ജി.ദീപം എന്നിവർക്ക് അനുവദിച്ചിട്ടുള്ളതും പരാമർശം (4) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അവാർഡ് പാസ്സാക്കിയിട്ടുമുള്ള 20,63,880/-രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് നൽകിയും ടി. തുക പരാമർശം (1) പ്രകാരം അനുവദിച്ച 61,93,76,344/-രൂപയിൽ ജില്ലാ കളക്ടറിൽ മിച്ചമുള്ള തുകയിൽനിന്നും ലഭ്യമാക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) സെക്ഷൻ 28 എ പ്രകാരം ശ്രീ.എസ്.രാജേന്ദ്രൻ, ശ്രീമതി.ജി.ദീപം എന്നിവർക്ക് അനുവദിച്ച അവാർഡിന്മേലുള്ള അപാകത പരിശോധിച്ച് ആയതിന് ഉത്തരവാദികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിനും,

ഇത്തരത്തിലുള്ള വിവിധ കേസുകളിലെ വിധി നടപ്പിലാക്കുന്നതിലേക്കായി ആവശ്യത്തിൽ കൂടുതൽ തുകകൾ വാങ്ങി റിസർവ്വ് ചെയ്യുന്നത് ഉചിതമല്ലാത്തതിനാൽ നേരത്തേ അനുവദിച്ച തുകകളിൽ നിന്നും മിച്ചം വരാനുള്ള/ചെലവഴിക്കപ്പെടാതിരുന്നതിന്റെ കാരണങ്ങൾ ട്രിഡ സെക്രട്ടറി/ജില്ലാ കലക്ടർ സർക്കാരിൽ സമർപ്പിക്കുവാനും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**യു വി ജോസ് ഐ എ എസ്**
**സ്പെഷ്യൽ സെക്രട്ടറി**

സെക്രട്ടറി, ട്രിഡ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, തലസ്ഥാന റോഡു വികസന പദ്ധതി, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനകുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (20/01/2021 തീയതിയിലെ ഡെവ.2/8/2021/ധന (1670419) പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ